# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടപ്പുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. ടി.എസ്.ആർ. (പി.7)998/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. ടി.എസ്.ആർ. (പി.7)998/2022. തീയ്യതി: 01/07/2022

## തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-02-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സതീശൻ എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 06-06-2022 | 13-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 13-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ബേബി.പി.വി., ഓഡിറ്റ് ഓഫീസർ
2) ജോമോൻ ഇ.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3) സുനിൽകുമാർ കെ.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4) സുമ വി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
5) ബിന്ദു സി.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
6) അനീറ്റ ഡൊമിനിക്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഉമ്മർകുഞ്ഞി പി.വി. | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 31-12-2020 |
| ഹസീന താജുദ്ദീൻ | പ്രസിഡന്റ് | 01-01-2021 | 31-03-2021 |
| ടി.കെ.ജോസഫ് | സെക്രട്ടറി | 01-04-2020 | 04-03-2021 |
| അബ്ദുള്ള ബാബു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷെറി എൽ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 12-06-2020 |
| ചാർജ്ജ് ആരുമില്ല | അസിസ്റ്റന്റ് സെക്രട്ടറി | 13-06-2020 | 21-06-2020 |
| അബ്ദുള്ള ബാബു | അസിസ്റ്റന്റ് സെക്രട്ടറി | 22-06-2020 | 31-03-2021 |
| രാജിമോൾ എസ്.രാജു | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 18-02-2021 |
| മനോജ് കെ.കെ. | അസിസ്റ്റൻറ് എഞ്ചിനീയർ | 19-02-2021 | 31-03-2021 |
| ഡോ.ബീന ജെ.എൻ. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| രൂപ ടി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| സി.എ. ഡെയ്സി | എച്ച്.എം., ജി.എഫ്.യു.പി.എസ്. | 01-04-2020 | 30-06-2020 |
| സിമി ആന്റണി | എച്ച്.എം.(ഇൻ ചാർജ്ജ്), ജി.എഫ്.യു.പി.എസ്. | 01-07-2020 | 31-03-2021 |
| ഡോ. ശ്രീകല ടി.പി. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| രഞ്ജിനി മാത്യു | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം), അഡീഷണൽ ചാർജ്ജ് | 01-04-2020 | 20-09-2020 |
| ഡോ.ജിയോ പി.എൻ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 21-09-2020 | 31-03-2021 |
| ഡോ.സ്വപ്ന വി.സി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| എൻ.കെ.സന്തോഷ്കുമാർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 18-09-2020 |
| ഫാത്തിമ പി.എ. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 19-09-2020 | 31-03-2021 |
| ടി.ബി.ശശിധരൻ | വി.ഇ.ഒ.-1 (ബ്ലാങ്ങാട് സർക്കിൾ) | 01-04-2020 | 23-12-2020 |
| റഷീദ് ചെമ്പകത്ത് | വി.ഇ.ഒ.-1 (ബ്ലാങ്ങാട് സർക്കിൾ) | 24-12-2020 | 31-03-2021 |
| വോൾഗ ജി.നായർ | വി.ഇ.ഒ.-2 (കടപ്പുറം സർക്കിൾ) | 01-04-2020 | 04-11-2020 |
| റഷീദ് ചെമ്പകത്ത് | വി.ഇ.ഒ.-2 (കടപ്പുറം സർക്കിൾ) | 05-11-2020 | 31-03-2021 |
| പ്രതീഷ് വി.എസ്. | അഗ്രികൾച്ചർ ഓഫീസർ | 01-04-2020 | 10-06-2020 |
| ജയശ്രീ ഇ. | അഗ്രികൾച്ചർ ഓഫീസർ | 11-06-2020 | 03-11-2020 |
| വിജീഷ് പി.വി. | അഗ്രികൾച്ചർ ഓഫീസർ | 04-11-2020 | 03-12-2020 |
| ദിവ്യ സി.ആർ. | അഗ്രികൾച്ചർ ഓഫീസർ | 04-12-2020 | 31-03-2021 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.V.Baby (Audit Officer, On 07-06-2022)<br>Last Updated By: P.V.Baby (Audit Officer, On 24-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Anita Dominic (Auditor, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Anita Dominic (Auditor, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Anita Dominic (Auditor, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 30-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.V.Baby (Audit Officer, On 07-06-2022)<br>Last Updated By: P.V.Baby (Audit Officer, On 30-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon E K (Asst. Audit Officer, On 11-06-2022)<br>Last Updated By: Bindu C V (Senior Grade Auditor, On 24-06-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: Bindu C V (Senior Grade Auditor, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Anita Dominic (Auditor, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: P.V.Baby (Audit Officer, On 07-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.V.Baby (Audit Officer, On 07-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-11 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Anita Dominic (Auditor, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-12 |
| 13 | വസ്തു നികുതി-റെസിഡൻഷ്യൽ (തൻവർഷം) - വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 30-06-2022) | 1-13 |
| 14 | വസ്തുനികുതി - റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 30-06-2022) | 1-14 |
| 15 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 30-06-2022) | 1-15 |

| | | |
|---|---|---|
| 16 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 30-06-2022) | 1-16 |
| 17 | ലൈബ്രറി സെസ്സ് - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 30-06-2022) | 1-17 |
| 18 | വസ്തുനികുതി മുൻകൂർ - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 12-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-18 |
| 19 | വസ്തുനികതി - കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 12-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-19 |
| 20 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 12-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-20 |
| 21 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Anita Dominic (Auditor, On 12-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-21 |
| 22 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ<br>Written By: Suma V.K (Senior Grade Auditor, On 12-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-22 |
| 23 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: Suma V.K (Senior Grade Auditor, On 12-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-23 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 12-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-24 |
| 25 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 12-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-25 |
| 26 | ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 12-06-2022)<br>Last Updated By: P.V.Baby (Audit Officer, On 16-06-2022) | 1-26 |
| 27 | ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം കണക്കാക്കി<br>Written By: Anita Dominic (Auditor, On 12-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-27 |
| 28 | ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല<br>Written By: Anita Dominic (Auditor, On 12-06-2022)<br>Last Updated By: P.V.Baby (Audit Officer, On 23-06-2022) | 1-28 |
| 29 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ക്രമീകരിക്കുന്നതിന് കാലതാമസം<br>Written By: Anita Dominic (Auditor, On 12-06-2022)<br>Last Updated By: P.V.Baby (Audit Officer, On 23-06-2022) | 1-29 |
| 30 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Bindu C V (Senior Grade Auditor, On 14-06-2022)<br>Last Updated By: P.V.Baby (Audit Officer, On 23-06-2022) | 1-30 |

| | | |
|---|---|---|
| 31 | കെട്ടിട ക്രമവൽക്കരണം - കേരള പഞ്ചായത്ത് രാജ് ആക്ട് - 220 ബിയുടെ നിയമലംഘനം<br>Written By: Bindu C V (Senior Grade Auditor, On 14-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-31 |
| 32 | വസ്തുനികുതി നിർണ്ണയം - ഫയൽ ഹാജരാക്കാത്തത് സംബന്ധിച്ച്.<br>Written By: Bindu C V (Senior Grade Auditor, On 14-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-32 |
| 33 | ലൈഫ് ഭവന പദ്ധതി - വീട് പണി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Bindu C V (Senior Grade Auditor, On 14-06-2022)<br>Last Updated By: P.V.Baby (Audit Officer, On 30-06-2022) | 1-33 |
| 34 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അർഹമായ തുക പൂർണ്ണമായി നൽകിയില്ല.<br>Written By: Suma V.K (Senior Grade Auditor, On 13-06-2022)<br>Last Updated By: P.V.Baby (Audit Officer, On 30-06-2022) | 1-34 |
| 35 | ഇ -ടെണ്ടർ ഫി അടവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: P.V.Baby (Audit Officer, On 13-06-2022)<br>Last Updated By: P.V.Baby (Audit Officer, On 30-06-2022) | 1-35 |
| 36 | കാലി ടാർ വീപ്പയുടെ വില ബില്ലിൽ കുറവ് ചെയ്തില്ല.<br>Written By: P.V.Baby (Audit Officer, On 13-06-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-36 |
| 37 | ലീഗൽ ചാർജ്ജസ്- സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 10-06-2022)<br>Last Updated By: P.V.Baby (Audit Officer, On 23-06-2022) | 1-37 |
| 38 | ലോഗ് ബുക്ക് പരിപാലനം-അപാകതകൾ<br>Written By: Jomon E K (Asst. Audit Officer, On 10-06-2022)<br>Last Updated By: P.V.Baby (Audit Officer, On 23-06-2022) | 1-38 |
| 39 | ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 10-06-2022)<br>Last Updated By: P.V.Baby (Audit Officer, On 23-06-2022) | 1-39 |
| 40 | ജല സുരക്ഷ - കിണർ റീചാർജ്ജ് -തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്തണം .<br>Written By: Jomon E K (Asst. Audit Officer, On 10-06-2022)<br>Last Updated By: P.V.Baby (Audit Officer, On 23-06-2022) | 1-40 |
| 41 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon E K (Asst. Audit Officer, On 10-06-2022)<br>Last Updated By: P.V.Baby (Audit Officer, On 23-06-2022) | 1-41 |
| 42 | വെള്ളക്കരം -സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം.<br>Written By: Jomon E K (Asst. Audit Officer, On 13-06-2022)<br>Last Updated By: P.V.Baby (Audit Officer, On 30-06-2022) | 1-42 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.V.Baby (Audit Officer, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 17-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.V.Baby (Audit Officer, On 11-06-2022) | 4-2 |

| | | |
|---|---|---|
| | Last Updated By: P.V.Baby (Audit Officer, On 30-06-2022) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: P.V.Baby (Audit Officer, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 17-06-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: P.V.Baby (Audit Officer, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 17-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P.V.Baby (Audit Officer, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 30-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.V.Baby (Audit Officer, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 30-06-2022) | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.V.Baby (Audit Officer, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 11-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.V.Baby (Audit Officer, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 11-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.V.Baby (Audit Officer, On 11-06-2022)<br>Last Updated By: P.V.Baby (Audit Officer, On 14-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.V.Baby (Audit Officer, On 11-06-2022)<br>Last Updated By: N Satheesan (Deputy Director, On 03-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 19.03.2020 | 1(1) | 190213790 | 185663189 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16.02.2021 | 1(1) | 252515598 | 254032634 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 23-06-2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20806582.50 |
| വരവ് | 68301752.00 |
| ആകെ | 89108334.50 |
| ചെലവ് | 78375222.00 |
| നീക്കിയിരിപ്പ് | 10733112.50 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ(ACR പ്രകാരം) | 0 | 14297471 | 14297471 | 13816772 | 480699 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1709000 | 1709000 | 1460800 | 248200 |
| മെയിന്റനൻസ്, റോഡ്(ACR പ്രകാരം) | 0 | 11162000 | 11162000 | 9449780 | 1712220 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4159498 | 4159498 | 3514886 | 644612 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied Grant(ACR പ്രകാരം) | 0 | 14102337 | 14102337 | 7326462 | 6775875 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied Grant(ACR പ്രകാരം) | 0 | 5760000 | 5760000 | 1108900 | 4651100 |

### 1-5 പദ്ധതി അവലോകനം

2020-21 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 193 | 150793062 | 147 | 55141200 | 12 | 34 | 76 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 666170 | 666170 | 663410 | 2760 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് +മെറ്റിരീയൽ കോസ്റ്റ് | 0 | 15421171 | 15421171 | 15421171 | 0 |

## 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2080500 | 115 |
| വിധവാ പെൻഷൻ | 18950200 | 1278 |
| വാർദ്ധക്യകാലപെൻഷൻ | 20106600 | 1349 |
| വികലാംഗ പെൻഷൻ | 5473100 | 352 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 855500 | 59 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.06.2022 തീയതിയിൽ 3 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5327/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിൽ വൗച്ചറുകളും രജിസ്റ്ററുകളും ഏറെകുറെ കൃത്യതയോടെ പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി, ഡ്യൂട്ടി മാറ്റ രജിസ്റ്റർ എന്നിവ പരിപാലിക്കുന്നുണ്ട്. സേവനദാതാക്കൾക്ക് ഇരിപ്പിട സൗകര്യവും, കുടിവെള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസിഡണ്ട്/സെക്രട്ടറി എന്നിവരുടെ പേരിൽ സംയുക്ത ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ എല്ലാവരും തന്നെ TR.7A കാഷ്ബുക്ക് പരിപാലിക്കുന്നില്ല, (ഉദാ. അസി.എഞ്ചിനിയർ) പ്രോജക്ടുകളുടെ നിർവ്വഹണ /പൂർത്തീകരണ ഘട്ടങ്ങളിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദമായ ഇടപ്പെടലുകൾ കാണുന്നില്ല. ആഭ്യന്തര സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.04.2022 | 31.3.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 04.07.2018 | 2012-13 മുതൽ 2016-17 വരെ | 10.07.2018 |
| | 04.07.2018 | 2015-16 സപ്ലിമെന്ററി | 16.01.2018 |

## 1-11 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-12 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

## 1-13 വസ്തു നികുതി-റെസിഡൻഷ്യൽ (തൻവർഷം) - വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1724320 | 1709692 | 8273 | 7777 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1724320 | 1708270 | 8273 | *7777 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(8167/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തുനികുതി - റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 7803 | 39 | 7764 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *7765 | 39 | **7764 |
| | *(2019-20 ലെ | (റസീറ്റ് & പേയ്മെന്റ് | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |

| | | | |
|---|---|---|---|
| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | പത്രിക, ഷെഡ്യൂൾ ആർ.പി-43) | ബി-15)(8154/105X100=7766) |

1. ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-15 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 878096 | 634915 | 1863 | 243653 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 878096 | 632580 | 1863 | *243653 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 255841/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-16 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 408002 | 0 | 408002 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *408026 | 0 | **408026 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(428427/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(428427/105X100), (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-17 ലൈബ്രറി സെസ്സ് - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 88496 | 391 | 88887 | 87363 | 2 | 87365 | 738 | | 390 | 389 | 780 |
| | നോൺ-റെസിഡൻഷ്യൽ | 46141 | 20425 | 66566 | 32161 | 0 | 32161 | 122 | | 12188 | 20425 | 32613 |
| | ആകെ | | | 155453 | | | 119526 | 860 | | 33393 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 155451 | | | 119526 | | | | 122060 | 33393 | | |
| | | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

3. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 119526 രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല. മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 122060 രൂപയാണ്. (വൗച്ചർ നം. 42000294 തീ. 31.3.2021)

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 700589/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 33361(700589/105x5) രൂപയാണ്. എന്നാൽ ഈ ശീർഷകത്തിൽ 33393 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-18 വസ്തുനികുതി മുൻകൂർ - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 212389 | 204969 |
| 2 | 350410103-Advance Collection Of Revenues -Property Tax On Non-Residential Building | 840 | 10034 |

## 1-19 വസ്തുനികുതി - കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി

തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ കടപ്പുറം ഗ്രാമപഞ്ചായത്തിൽ 133 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2020-21 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണ (1.4.20ൽ) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. മറിച്ച് വാർഷികകണക്കിലെ വിവിധ പത്രികകളിലെ വർഷാന്ത്യ തുകകൾ പ്രിന്റ് എടുത്ത് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ (FTEAOS)

4. ബിൽഡിംഗ് പെർമ്മിറ്റ് രജിസ്റ്റർ

5. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

## 1-21 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-22 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (39) |
| 280200402-Prior Period Income-Recovery Of Unutilized Grants | (4000) |
| 280800701-Prior Period- Miscellaneous Expenses | (347441) |

## 1-23 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതിത്തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.

## 1-24 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-25 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (10073470) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത്(9420204) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-26 ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ))

## 1-27 ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം കണക്കാക്കി

31/3/2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തികൾക്ക് 149600 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2021 ലെ Accumulated Depreciation (278839) രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക വരും വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-28 ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450410102 | SBI - Saksharatha | 51021 |
| 2 | 450410103 | SBI - OAP | 54250 |

ഈ ബാങ്ക് അക്കൗണ്ടുകൾ വർഷങ്ങൾക്ക് മുൻപ് ആരംഭിച്ചതും നിലവിൽ യാതൊരു ഇടപാടുകളും ഇല്ലാത്തതുമാണ്, ടി

അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് 30.04.2022 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതാണ്, ആയതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.14/09.06.2022) മറുപടി നല്കിയിട്ടുണ്ട്.

## 1-29 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ക്രമീകരിക്കുന്നതിന് കാലതാമസം

കാലാവധി കഴിഞ്ഞ ചെക്കുകൾ മാസങ്ങളും വർഷങ്ങളും കഴിഞ്ഞാണ് "Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റുന്നത്. ഉദാ :- 15.11.18 ലെ ചെക്ക് 31.3.2021 ലാണ് "Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടുള്ളത്.

## 1-30 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കടപ്പുറം ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം പ്രവൃത്തിയെടുത്ത താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. അബ്ദുൾഖാദർ.കെ.വി
2. ആഷിഖ്.കെ.എം
3. ജോർജ്കുട്ടി.കെ.എം
4. ബിജു.കെ.സി

തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 കെട്ടിട ക്രമവൽക്കരണം - കേരള പഞ്ചായത്ത് രാജ് ആക്ട് - 220 ബിയുടെ നിയമലംഘനം

ഫയൽ നം. B2-1963/2020
കടപ്പുറം ഗ്രാമപഞ്ചായത്തിലെ വാർഡ് 12 ൽ ചാവക്കാട് അഞ്ചങ്ങാടി - മൂന്നാംകല്ല് PWD റോഡിനോട് ചേർന്ന് കടപ്പുറം വില്ലേജ് സർവ്വേ നമ്പർ 117/7 ൽ ഉൾപ്പെട്ട 3.24 ആർ വിസ്തൃതിയുള്ള ഭൂമിയിൽ ഉടമയായ ശ്രീ.മൊയ്തീൻ ഷാ, പുതിയേടത്ത് (H) ന് 525.68 $M^2$ കൊമേഴ്സൽ ബിൽഡിംഗ് പണിയുന്നതിനായി 4.5.2018 ലെ C3- BA (84876) /2018 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിരുന്നു. എന്നാൽ കെട്ടിട നിർമ്മാണ അനുമതി സമ്പാദിച്ച് നിർമ്മാണം ആരംഭിച്ച പ്രസ്തുത കെട്ടിടം അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ചാണ് നിർമ്മിച്ചിട്ടുള്ളതെന്ന് കടപ്പുറം ഗ്രാമപഞ്ചായത്ത് AE പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടെന്നും മേൽ റിപ്പോർട്ടിൽ പരാമർശിച്ച നിയമ/ ചട്ട ലംഘനങ്ങൾ വസ്തുതാപരമാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് അയച്ച കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

കെട്ടിടത്തിന് നമ്പർ അനുവദിക്കാത്തതിനെ തുടർന്ന് ഉടമസ്ഥൻ ശ്രീ. മൊയ്തീൻഷാ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് പരാതി നൽകുകയും തുടർന്ന് 14.11.19 ൽ മന്ത്രിയുടെ നിയമസഭാ ചേംബറിൽ യോഗം നടക്കുകയും മേൽ യോഗത്തിൽ അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിയാനം വരുത്തിയാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതെന്നും, കേരള പഞ്ചായത്ത് രാജ് ആക്ട് 220 (ബി) പ്രകാരം ലഭ്യമാക്കേണ്ട നിർബന്ധിത ശൂന്യ സ്ഥലത്തേക്ക് 100 സെ.മീ മുതൽ 40 സെ.മീ വരെ തള്ളിയാണ് മുകളിലെ രണ്ട് നിലകളിലെയും വരാന്തകൾ നിലനിൽക്കുന്നതെന്നും പാർക്കിംഗ് ഏരിയായിൽ കുറവ് ഉണ്ടാകുന്നുണ്ടെന്നും റാമ്പിൽ നിന്നും മതിയായ അകലം പാലിക്കാതെയാണ് മതിൽ നിർമ്മാണം നടത്തിയിട്ടുള്ളതെന്നും കടപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

വിശദമായ ചർച്ചക്ക് ശേഷം യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

(1) കെട്ടിടത്തിന്റെ മൂന്ന് നിലകളിലും PWD റോഡിന് അഭിമുഖമായി നിൽക്കുന്ന വശത്തെ നിർബന്ധിത ശൂന്യ സ്ഥലത്തേക്ക് തള്ളി നിൽക്കുന്ന റൂഫ് സ്ലാബ് റോഡ് വികസനം വരുന്ന മുറക്ക് സ്വന്തം ചെലവിൽ നീക്കിക്കൊള്ളാമെന്ന് കെട്ടിട ഉടമ കടപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുൻപാകെ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്.
(2) കെട്ടിടത്തിന്റെ രണ്ടാം നിലയിലെ അപ്പാർട്ട്മെന്റിന്റെ PWD റോഡിനോട് അഭിമുഖമായി നില്ക്കുന്ന വശത്തെ നിർബന്ധിത ശൂന്യസ്ഥലത്തേക്ക് തള്ളി നില്ക്കുന്ന ചുമരുകൾ പൊളിച്ചുനീക്കി താഴെയുള്ള (ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ) നിലകളിലെ ബിൽഡിംഗ് ലൈനിലേക്ക് കൊണ്ടുവരേണ്ടതാണ്.
(3) പണി പൂർത്തീകരിച്ച കെട്ടിടത്തിൽ നിലവിൽ ചട്ടപ്രകാരമുള്ള പാർക്കിംഗിന് ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ, ആയതിനുവേണ്ടി സ്ഥലം കണ്ടെത്തി പാർക്കിംഗ് സൗകര്യങ്ങൾ നല്കേണ്ടതാണ്.
(4) അനുവദിച്ച പ്ലാനിൽ നിന്നും വ്യത്യാസം വരുത്തി കെട്ടിട നിർമ്മാണം നടത്തുകയും ഒക്യുപൻസി സർട്ടിഫിക്കറ്റ്

അനുവദിക്കുന്നതിന് ചട്ട ലംഘനങ്ങളോടു കൂടിയ പ്ലാൻ സമർപ്പിക്കുകയും ചെയ്ത ബിൽഡിംഗ് ആർക്കിടെക്റ്റിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

അപാകങ്ങൾ പരിഹരിച്ചെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി കെട്ടിടത്തിന് XII/331A മുതൽ XII /331Q വരെ നമ്പർ അനുവദിച്ചു.

മേൽ അപാകങ്ങൾ എപ്രകാരം പരിഹരിച്ചുവെന്നും മേൽ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് 1994, കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണം) റൂൾസ് 2018, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019 എന്നിവ പ്രകാരം നിലനില്ക്കുന്നതാണോയെന്നും ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/13.06.2022) മറുപടി ലഭ്യമാക്കിയില്ല.

മേൽ കെട്ടിടം ക്രമവത്ക്കരിച്ചതു സംബന്ധിച്ച അസി.എഞ്ചിനീയറുടെ വിശദമായ റിപ്പോർട്ട് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-32 വസ്തുനികുതി നിർണ്ണയം - ഫയൽ ഹാജരാക്കാത്തത് സംബന്ധിച്ച്.

2020-21 വർഷത്തിൽ വസ്തു നികുതി നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട ബി2-1402/2020 ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 6581/- രൂപ വസ്തുനികുതി നിർണ്ണയിച്ചതിന്റെ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോം 6 മാത്രമാണ് ഹാജരാക്കിയത്. ഇതു പ്രകാരം കടപ്പുറം ഗ്രാമപഞ്ചായത്തിലെ വാർഡ് 11 ൽ ഹൈദർ, ഇടശ്ശേരി ഹൗസ് നിർമ്മിച്ച 309.37 $M^2$ (താഴത്തെ നില 157.57 $M^2$, ഒന്നാം നില 151.8 $M^2$) വിസ്തീർണ്ണമുള്ള നിയമാനുസൃതമല്ലാത്ത കെട്ടിടവിഭാഗത്തിൽ (തീരദേശ പരിപാലന നിയമം) ഉൾപ്പെടുന്ന റസിഡൻഷ്യൽ ഫ്ളാറ്റുകൾക്കാണ് വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ളത്. 2019-20 വർഷത്തിൽ പെർമിറ്റ് എടുക്കാതെ അനധികൃത നിർമ്മാണം നടത്തിയ മേൽ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/13.06.2022) ലഭ്യമാക്കിയില്ല. പ്രസ്തുത ഫയൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-33 ലൈഫ് ഭവന പദ്ധതി - വീട് പണി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

കടപ്പുറം ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുടെ ആനുകൂല്യം ലഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചിട്ടില്ല. 4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിന് ഓരോ ഗുണഭോക്താവിനും അനുവദിച്ചിട്ടുള്ള തുക.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | ഗുണഭോക്തൃ ലിസ്റ്റ് നം. /വാർഡ് | ഗഡുക്കൾ അനുവദിച്ചത് |
|---|---|---|---|
| 1 | വിനിത ബാലകൃഷ്ണൻ | 37/II | 30.10.18 - 40000 |
| 2 | സന്ധ്യ വിജയൻ | 93/IV | 13.8.20 - 40000 30.3.21 - 100000 |
| 3 | മീനു ദിബീഷ് | 199/XII | 13.8.20 - 40000 4.2.21 - 100000 25.10.21 - 60000 |
| 4 | വാഹിദ റഷീദ് | 248/XIV | 13.8.20 – 40000 4.2.21 – 160000 15.03.21 - 100000 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (19/10.6.22) മറുപടിയിൽ ക്രമ നം. (1), (2) ഗുണഭോക്താക്കൾ തറ പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണി തുടങ്ങിയിട്ടില്ലെന്നും നിർമ്മാണം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ക്രമ നം. (3), (4) ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും അവസാന ഗഡു ഉടൻ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വീട് പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അർഹമായ തുക പൂർണ്ണമായി നൽകിയില്ല.

പദ്ധതി നമ്പർ – S0167/21, S011/21

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ 2020-21 വർഷത്തിൽ

ആകെ 77 ഗുണഭോക്താക്കൾക്കാണ് സ്കോളർഷിപ്പ് നൽകിയത്. ആയതിൽ 50 പേർ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളാണ്. സ.ഉ.(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 മാർഗ്ഗരേഖ പ്രകാരം 49 ഗുണഭോക്താക്കൾക്ക് 28500 രൂപ പ്രതിവർഷം സ്കോളർഷിപ്പ് നൽകാമെന്നിരിക്കെ 45 പേർക്ക് 22000 രൂപ, 3 പേർക്ക് 23000 രൂപ ഒരാൾക്ക് 23100 രൂപ എന്നിങ്ങനെയാണ് സ്കോളർഷിപ്പ് നൽകിയത്. 2020-21 വർഷം രണ്ട് പദ്ധതികളിലായി 95000 രൂപ, 160000 രൂപ എന്നിങ്ങനെയാണ് വകയിരുത്തിയിട്ടുള്ളത്. 95000 രൂപയിൽ 76000 രൂപ 2019-20 വർഷം സ്കോളർഷിപ്പ് ബാക്കി നൽകുന്നതിനായി സ്പിൽ ഓവറായി വിനിയോഗിച്ചു. 2020-21 സ്കോളർഷിപ്പിനായി വകയിരുത്തിയ 160000 രൂപയിൽ 1315000 രൂപ ചെലവഴിച്ചു. ജില്ലാപഞ്ചായത്ത് വിഹിതം പൂർണ്ണമായി ലഭിക്കാത്തതിനാലാണ് തുക പൂർണ്ണമായി നൽകാൻ സാധിക്കാത്തതെന്നും 2021-22 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി തുക പൂർണ്ണമായി നൽകിയിട്ടുണ്ടെന്നും ഐ.സി.ഡി.എസ് സൂപ്പർ വൈസർ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീ.9.6.2022) മറുപടി നൽകിയിട്ടുണ്ട്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ താരതമ്യേന കൂടുതലുള്ള പഞ്ചായത്തിൽ അർഹമായ തുക പൂർണ്ണമായി അതത് സാമ്പത്തിക വർഷം തന്നെ നൽകുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 ഇ -ടെണ്ടർ ഫി അടവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷത്തിൽ ഇ-ടെണ്ടർ പ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.17.dtd. 09.6.2022 പ്രകാരം വിവരങ്ങൾ ആരാഞ്ഞിരുന്നു. 2020-21 വർഷത്തെ ആകെ ഇ-ടെണ്ടർ പ്രോജക്ടുകൾ, അവയിൽ നിന്നും ലഭിച്ച ഫീസ് തുക, ബന്ധപ്പെട്ട തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടോ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്കാണോ ഈ ഇനത്തിലുള്ള വരവ് ക്രഡിറ്റ് ചെയ്തിട്ടുള്ളത് എന്നിങ്ങനെയുള്ള വിവരങ്ങൾ ആരാഞ്ഞിരുന്നു. ആയതിന്റെ മറുപടിയിൽ ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്നും ബന്ധപ്പെട്ട തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കാമെന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 കാലി ടാർ വീപ്പയുടെ വില ബില്ലിൽ കുറവ് ചെയ്തില്ല.

അസി എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളിൽ ബിറ്റുമിൻ വാങ്ങി ഉപയോഗിച്ചതിന്റെ കാലി ടാർ വീപ്പയുടെ വില ഫൈനൽ ബില്ലിൽ കുറവ് ചെയ്യാതെ മുഴുവൻ തുകയും കരാറുകാർക്ക് നൽകിയിട്ടുണ്ട്. അളവ് പുസ്തകത്തിൽ ബിറ്റുമിൻ ആവശ്യകത രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കാലി ടാർ വീപ്പയുടെ വില GST ഉൾപ്പെടെ ബില്ലിൽ കുറവ് ചെയ്തിട്ടില്ല. ഓരോ പ്രവൃത്തികൾക്കും ഉപയോഗിച്ച ബിറ്റുമിന്റെ അളവനുസരിച്ച് കാലി ടാർ വീപ്പയുടെ കണക്കാക്കി ആയതിന്റെ വില (GSTഉൾപ്പെടെ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടാവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്/ നം. | ട്രഷറി ബിൽ നമ്പർ/ തിയതി, തുക | കരാറുകാരന്റെ പേര്. |
|---|---|---|
| എമറാൾഡ് റോഡ് നിർമ്മാണം പൂർത്തീകരണം. So151/ 20. | 79/20 -21.dtd. 5.1.21. 46177/ - | N.P. മുഹമ്മദ് മോൻ |
| പുതിയങ്ങാടി C.H.നഗർ റോഡ് മെറ്റലിംഗ്/ ടാറിംഗ്.so209/ 21. | 76/ 20 -21. Dtd.11.1.21. 188081/ - | N.P. മുഹമ്മദ് മോൻ |
| കുഞ്ഞുവാവ റോഡ് മെറ്റലിംഗ്, ടാറിംഗ്.so212/21. | 67/20 21. Dtd.11.1.21. 133052/ - | P.P. സുനിൽ കുമാർ |
| സുനാമി റോഡ് റി - ടാറിംഗ്. So217/21. | 85/20 -21.dtd. 19.1.21. 199855/ - | P.p.സുനിൽ കുമാർ |
| ചിപ്പിലി കോളനി റോഡ് റി - ടാറിംഗ്.so220/ 21. | 29/ 20 -21.dtd.18.9.20. 87147. | P.p.സുനിൽകുമാർ |
| ഗുജറാത്തി ബാങ്ക് റോഡ് റി - ടാറിംഗ് So179/ 20 | 83/20 -21. Dtd.19.1.21. 236164/ - | P.p.സുനിൽകുമാർ |
| ഞോളി റോഡ് മെയിന്റനൻസ്.so199/21 | 106/ 20 -21.dtd. 31.3.21. 249940/ - | P.p.സുനിൽകുമാർ |
| തെക്കരകത്ത് റോഡ് റി - ടാറിംഗ്.so176/21. | 60/20 -21. Dtd.29.12.20. 265223/- | P.p.സുനിൽകുമാർ |
| ചിപ്പിലി കോളനി റോഡ് റി - ടാറിംഗ്. So175/21 | 107/ 20 -21. Dtd. 31.3.21. 172891 | P.p.സുനിൽകുമാർ |

| | | |
|---|---|---|
| | / - | |
| ചുള്ളിപ്പാടം റോഡ് റി - ടാറിംഗ്.so172/21. | 61/20 – 21.dtd. 31.12.20. 199901/ - | P.p.സുനിൽകുമാർ |
| കെട്ടുങ്ങൽ പള്ളി റോഡ് റി - ടാറിംഗ്.so188/21. | 57/20 -21.dtd.31.12.20. | P.p.സുനിൽകുമാർ |
| മക്കാർ മുസ്ല്യാർ റോഡ്. റി - ടാറിംഗ്.so75/ 21. | 104/20 -21.dtd.27.3.21. 231807/ - | P.p.സുനിൽകുമാർ |
| സാഹിബ് കൃഷ്ണൻകുട്ടി റോഡ് നിർമ്മാണം.so75/21. | 103/20 -21.dtd.27.3.21. 642905/ - | T.C.അമീറലി. |
| എമറാൾഡ് റോഡ്. റോഡ് മെറ്റലിംഗ്, ടാറിംഗ്.so201/21. | 80/20 -21.dtd. 11.1.21. 149305/ - | N.p. മുഹമ്മദ് മോൻ. |
| ലൈറ്റ് ഹൗസ് റോഡ് റി -ടാറിംഗ്.so141/20. | 75/20 -21. Dtd. 11.1.21. 378170/ - | P.p.സുനിൽകുമാർ |
| ലൈറ്റ് ഹൗസ് റോഡ് നിർമ്മാണം.so178/20 | 56/2020 -21. Dtd.31.12. 20. 255441/ - | P.p.സുനിൽകുമാർ |
| അഞ്ചങ്ങാടി പുതിയങ്ങാടി റോഡ് റി - ടാറിംഗ്.so179/21. | 78/ 20 21.dtd. 11.1.21. 263664 / - | N.P.മുഹമ്മദ് മോൻ |
| കാദരിയ റോഡ് റി - ടാറിംഗ്.so180/21. | 59/20 -21. Dtd. 31.12.20. 298356./ - | P.p.സുനിൽകുമാർ |
| ലണ്ടൻ റോഡ് റി - ടാറിംഗ്.so 183/21. | 58/20 -21.dtd.31.12.20. 194217 / - | P.p.സുനിൽകുമാർ |
| അഞ്ചങ്ങാടി ഫോക്കസ് റോഡ് റി - ടാറിംഗ്. So184/ | 33./20 -21,dtd.18.9.20. 374807/ - | P.p.സുനിൽകുമാർ |
| അബ്ദു ണ്ണി മാസറ്റർ റോഡ് മെറ്റലിംഗ്,ടാറിംഗ്. So186/21 | 81/20 -21.dtd. 11.1.21. 307310/ - | N.P. മുഹമ്മദ് മോൻ |
| ഉപ്പാപ്പ പള്ളി റോഡ് റി -ടാറിംഗ്.so187/21 | 84/20 -21. Dtd.19.1.21. 383610/ - | N.P. മുഹമ്മദ് മോൻ |
| ഫോക്കസ് മരകമ്പനി റോഡ് ,റി - ടാറിംഗ്.so121/ 20. | 3/20 -21. Dtd.23.4.20. 99071 / - | N.P. മുഹമ്മദ് മോൻ |
| പുന്നക്കച്ചാൽ റോഡ് മെറ്റലിംഗ്,ടാറിംഗ് So138/21. | 15/20 -21/ Dtd.15.5.20. 149015/ - | N.P. മുഹമ്മദ് മോൻ |
| ടി.കെ.ഹുസൈൻ റോഡ്,മെറ്റലിംഗ്, ടാറിംഗ് So0137/21. | 17/20 -21.dtd.15.5.20. 75000/ - | N.P. മുഹമ്മദ് മോൻ |
| വെന്നലംപാടം റോഡ് മെറ്റലിംഗ് ടാറിംഗ്. So134/21 | 6/20 -21. Dtd.23.4.20. 144999/ - | N.P. മുഹമ്മദ് മോൻ |
| ആശുപത്രി അംഗൻവാടി റോഡ് മെറ്റലിംഗ് ടാറിംഗ്.so133/21. | 5/20 -21. Dtd.23..4.20. 75554/ - | N.P. മുഹമ്മദ് മോൻ |
| CHനഗർ റോഡ് മെറ്റലിംഗ് & ടാറിംഗ്. So135/21. | 2/20 -21. Dtd.23.4.20. 173352/ - | N.P. മുഹമ്മദ് മോൻ |
| നാലു സെന്റ് കോളനി റോഡ്. So136/21 | 16/20 -21.dtd.15.5.20. 100000/ - | N.P. മുഹമ്മദ് മോൻ |
| ഇല്ല്യാസ് മുസലിയാർ റോഡ് റി - ടാറിംഗ്.so33/21 | 73/ 20- 21. Dtd.11.1.21. 273549/ - | P.P.സുനിൽ കുമാർ |
| ഇന്ദിര ഗാന്ധി റോഡ് റി -ടാറിംഗ്.so22/ 21 | 69/20 -21. Dtd.11.1.21. 1 162251/ - | N.P. മുഹമ്മദ് മോൻ |
| രാജീവ് ഗാന്ധി റോഡ് റി - ടാറിംഗ്.so021/ 21. | 71/ 20- 21.dtd.11. 1.21. 162251/ - | P.P.സുനിൽ കുമാർ |
| മഹാത്മഗാന്ധി റോഡ് റി -ടാറിംഗ്.so064/21. | 105/20 -21.dtd.27.3.21. 15216/ - | മുഹസിൻ മുഹമ്മദ് |
| ഉമ്മറലി സാഹിബ് തങ്ങൾ റോഡ് റി - ടാറിംഗ്. So061/21. | 68/20 21.dtd. 11.1.21. 228275 /- | P.p.സുനിൽകുമാർ |

| | | |
|---|---|---|
| മാലിക് ദിനാർ റോഡ് റി- ടാറിംഗ്.ടo043/21. | 70/20 -21. Dtd. 11.1.21. 399726/ - | P.P.സുനിൽകുമാർ |
| ചുള്ളിപ്പാടം റോഡ് റി - ടാറിംഗ്.ടo41/ 21. | 62/20 -21. Dtd. 11.1.21. 294090/ - | P.P.സുനിൽകുമാർ |
| | | |
| | | |

മുകളിൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകളിൽ ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന്റെ അളവനുസരിച്ച് കാലി ടാർ വീപ്പയുടെ എണ്ണം കണക്കാക്കി ആയതിന്റെ വില ജി.എസ്.ടി. ഉൾപ്പെടെ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-37 ലീഗൽ ചാർജ്ജസ്- സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ ആവശ്യമായ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല. കോടതി വ്യവഹാരങ്ങളെ സംബന്ധിച്ച സുപ്രധാന രേഖയായതിനാൽ കേസിന്റെ സീരിയൽ നമ്പർ, ഫയൽനമ്പർ, സ്യൂട്ട് നമ്പർ, കോടതി, അഡ്വക്കറ്റിന്റെ വിവരങ്ങൾ, കേസിന്റെ സ്വഭാവം, കേസിന്റെ പുരോഗതി, ജഡ്ജ്മെന്റ് വിവരങ്ങൾ, അപ്പീൽ വിവരങ്ങൾ, ഫീസ് നൽകിയതിന്റെ വിവരങ്ങൾ, ആദായ നികുതി വിവരങ്ങൾ, തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-38 ലോഗ് ബുക്ക് പരിപാലനം-അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ46 -എ-8137 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ. ഫ്യുവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

2) ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലല്ല .

3) ഇന്ധന ക്ഷമതാ സാക്ഷ്യപത്രം ലോഗ് ബുക്കിൽ സൂക്ഷിച്ചിട്ടില്ല.

4) വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതിയിട്ടുള്ളത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല, പ്രതിമാസ സംഗ്രഹം എല്ലാ മാസവും എഴുതുന്നില്ല.

5) അറ്റകുറ്റ പണികളെ കുറിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന/02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-39 ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

കടപ്പുറം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വായനശാലയുടേയും, ഹാളിന്റേയും നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 7 തിയ്യതി 08/06/22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വായനശാലക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭ്യമായിട്ടില്ലെന്നും, ലഭ്യമാകുന്ന മുറക്ക് ബൈലോ തയ്യാറാക്കി ആയതിന് അംഗീകാരം ലഭ്യമാക്കുമെന്നും, ഹാളിന്റെ നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കി ആയതിനും സാധൂകരണം ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ബൈലോകൾക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി ചട്ടപ്രകാരം സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്.

## 1-40 ജല സുരക്ഷ - കിണർ റീചാർജ്ജ് -തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്തണം .

കനാലുകളുടേയും, മറ്റ് ജലാശയങ്ങളുടേയും സാമീപ്യത്താൽ ജല സമൃദ്ധമാണെങ്കിലും വേലിയേറ്റ ഫലമായി ഉപ്പുവെള്ളം കലരുന്നത് മൂലം കടപ്പുറം ഗ്രാമ പഞ്ചായത്തിന്റെ മിക്ക വാർഡുകളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇതിന് പരിഹാരമായി പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ്ജ് ചെയ്യുകയാണെന്നതാണ് ജലസുരക്ഷ സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി കൊണ്ട് ഉദ്ധേശിക്കുന്നത്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ കിണർ റീചാർജ്ജ് പ്രവൃത്തികൾ ഉൾപ്പെടുത്താവുന്നതാണ്, എന്നാൽ 2020-21 വർഷത്തിൽ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ

ഭാഗമായി നടപ്പാക്കിയിരിക്കുന്ന പ്രവൃത്തികളിൽ ടി പ്രവൃത്തികൾ ഈയിനത്തിൽ നടപ്പാക്കി കാണുന്നില്ല ടി കാര്യത്തെപ്പറ്റി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4, തിയ്യതി 08-06-22) ലഭ്യമാക്കിയ മറുപടി പ്രകാരം കഴിഞ്ഞ വർഷങ്ങളിൽ വിവിധ വാർഡുകളിലുമായി 368 കിണർ റീചാർജ്ജ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്നാണറിയിച്ചിട്ടുള്ളത്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ 7.1 ബി. 3,4പ്രകാരം എല്ലാവർക്കും എന്നും ശുദ്ധമായ കുടിവെള്ളം എന്നതായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം, കൂടാതെ ജലവിതരണ പ്രവർത്തനങ്ങളേക്കാൾ ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്. റീചാർജ്ജ് ആവശ്യമായ കിണറുകൾ സമഗ്രമായ സർവ്വേയും മറ്റും നടത്തി കണ്ടെത്തേണ്ടതും ഗ്രാമസഭകളിലും ആവശ്യമെങ്കിൽ പ്രത്യേക ജലഗ്രാമസഭകളും മറ്റും നടത്തി ബോധവൽക്കരണം നടത്തേണ്ടതും വരും വർഷങ്ങളിൽ ആക്ഷൻ പ്ലാനിൽ ഈ പ്രവൃത്തിക്ക് കൂടുതൽ ഊന്നൽ കൊടുക്കുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്. അതുവഴി കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കണ്ടെത്തേണ്ടതുമാണ്.

## 1-41 തൊഴിലുറപ്പ് പദ്ധതി

2020-21 വർഷത്തിൽ കടപ്പുറം പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വരവ് - | 16084581 |
| ആകെ ചെലവ് - | 16084581 |
| നീക്കിയിരുപ്പ് - | 2760 |
| തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണം | 563 |
| നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ | 336 |
| വിഭാവനം ചെയ്ത പദ്ധതികൾ | 167 |
| പൂർത്തിയാക്കിയ പദ്ധതികൾ | 164 |
| വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 2475 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 42253 |

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 98% പൂർത്തിയാക്കിയിട്ടുള്ളതായും, മൊത്തം അടങ്കൽ തുകയുടെ 99% ചെലവഴിച്ചതായും കാണുന്നു. തൊഴിൽ ലഭ്യമാക്കിയ 563 കുടുംബങ്ങളിൽ നൂറ് ദിനം പൂർത്തിയാക്കിയത് കേവലം 363 കുടുംബങ്ങൾ മാത്രമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

വരും വർഷങ്ങളിൽ കൂടുതൽ വൈവിദ്ധ്യമുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-42 വെള്ളക്കരം -സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം.

സെക്രട്ടറി നടപ്പാക്കിയ നം.3/20-21 വെള്ളക്കരം അടവാക്കൽ പദ്ധതി പ്രകാരം 88,94,500 രൂപ വകയിരുത്തി 8,88,900 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായ ഡിമാൻഡ് നോട്ടീസ് പ്രകാരം ആകെയുള്ള 644 പൊതുടാപ്പുകൾക്ക് 2,81,750 രൂപ ഡിമാൻഡ് ചെയ്തിട്ടുള്ളതായും എന്നാൽ നാളിതുവരെ 2,35,00,000 രൂപ കുടിശ്ശികയായുള്ളതായും മനസ്സിലാക്കുന്നു. ഇത്രയും വലിയ തുകക്കുള്ള ഡിമാന്റ് ലഭിക്കാനുള്ള സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3 തിയ്യതി 7/6/22) ലഭ്യമാക്കിയ മറുപടി പ്രകാരം മുൻ വർഷങ്ങളിൽ യഥാസമയം അടവാക്കിയ തുകകൾ കൃത്യമായി കേരള വാട്ടർ അതോറിറ്റി വരവ് വെക്കാതെ ശേഷിച്ച തുകയുടെ കൂട്ടുപലിശയിനത്തിലാണ് വൻ തുകക്കുള്ള ബാധ്യത വന്നിട്ടുള്ളതെന്നാണറിയിച്ചിട്ടുള്ളത്. മാത്രമല്ല പഞ്ചായത്ത് കഴിഞ്ഞ വർഷങ്ങളിൽ വിവിധ ഫണ്ടുകളുപയോഗിച്ച് സ്ഥാപിച്ച് പരിപാലിച്ച് വരുന്ന ടാപ്പുകൾക്കും അനാവശ്യമായി കരമടവാക്കുന്നുണ്ട്. ആയത് ഒഴിവാക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും യാതൊരു അനുകൂല നടപടിയും ഉണ്ടായില്ലായെന്നും സർക്കാരിലേക്ക് അപേക്ഷ നൽകുന്നതിന് 26/4/21ലെ 3-1 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 6/7/21ന് അപേക്ഷ നൽകിയിട്ടുണ്ടെന്നുമാണറിയിച്ചിട്ടുള്ളത്.

ചട്ടപ്രകാരം നടത്തേണ്ട സംയുക്ത പരിശോധനാനടപടികൾ പൂർത്തിയായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഡിമാന്റ് കൂടിവരുന്ന സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്ന് ഇത്രയും വലിയ തുകക്കുള്ള ചെലവ് വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ബഹു. ജലസേചന വകുപ്പ് മന്ത്രിയുടേയും വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽപ്പെടുത്തി കുടിശ്ശികയും മറ്റും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, സംയുക്ത പരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 400000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്(11/21) | 400000 | 0 |
| | | 515216 | മഹാത്മാഗാന്ധി റോഡ് റീടാറിംഗ് വാർഡ് 2& 16 (64/21) | 515216 | 0 |
| | | 633695 | കറുകമാട് ഈസ്റ്റ് വെസ്റ്റ് ലിങ്ക് റോഡ് നിർമ്മാണം വാർഡ് 8 (81/21) | 633695 | 0 |
| | | 491410 | വയോജനങ്ങൾക്ക് കട്ടിൽ(164/21) | 434790 | 56620 |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്(167/21) | 150000 | 150000 |
| | | 10000 | സുഭിക്ഷകേരളം -പച്ചക്കറി കൃഷി (230/21) | 10000 | 0 |
| | | 7500 | സുഭിക്ഷകേരളം -കിഴങ്ങ് കൃഷി (231/21) | 7500 | 0 |
| | | 110000 | കുടുംബശ്രീ കണക്റ്റ് ടു വർക്ക് സെന്റർ നിർമ്മാണം (249/21) | 0 | 110000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 115000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്(11/21) | 115000 | 0 |
| | | 287657 | അംഗൻവാടി പോഷകാഹാരം (12/21) | 287657 | 0 |
| | | 135700 | ജലരക്ഷ-ജീവരക്ഷ – നീർച്ചാലുകളുടെ പുനരുദ്ധാരണം | 135700 | 0 |
| | | 300000 | സാന്ത്വന പരിചരണം (114/21) | 300000 | 0 |
| | | 1850000 | ലൈഫ് ഭവന പദ്ധതി ജനറൽ-രണ്ടാം ഘട്ടം (1120/21) | 1850000 | 0 |

| | | | | |
|---|---|---|---|---|
| | 994346 | മുനയ്ക്കടവ് സ്ലൂയിസ് നിർമ്മാണം വാർഡ്-10 (150/21) | 994346 | 0 |
| | 940849 | ഉപ്പാപ്പള്ളി റോഡ് മെയിന്റനൻസ് കാന നിർമ്മാണം വാർഡ്-13 (157/21) | 940849 | 0 |
| | 1000000 | ലേഡീസ് റോഡ് മെയിന്റനൻസ് വാർഡ്-12 (159/21) | 1000000 | 0 |
| | 492696 | കെട്ടുങ്ങൽ ബണ്ട് സൈഡ് പ്രൊട്ടക്ഷൻ, സ്ലാബ് നിർമ്മാണം വാർഡ്-8 (160/21) | 492696 | 0 |
| | 285000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്(167/21) | 285000 | 0 |
| | 20000 | സുഭിക്ഷകേരളം -പച്ചക്കറി കൃഷി (230/21) | 20000 | 0 |
| | 15000 | സുഭിക്ഷകേരളം -കിഴങ്ങ് കൃഷി (231/21) | 15000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ ലൈന വലിക്കൽ (23/21) | ലഭ്യമല്ല | 400000 | 0 | 400000 |
| KSEB | സ്ട്രീറ്റ് മെയിൻ ലൈന വലിക്കൽ (153/21) | ലഭ്യമല്ല | 800000 | 0 | 800000 |
| GWD | 12-ാം വാർഡിൽ ബോർവെൽ നിർമ്മാണം ട്യൂബ് വെൽ നിർമ്മാണം ആക്കുന്നതിന് അധിക തുക (152/21) | ലഭ്യമല്ല | 280000 | 0 | 280000 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

സ്ഥാപനം വായ്പാ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3.11 | 2007-08 | 3.48.1 | അംഗൻവാടി നിർമ്മാണം | നിലനില്ക്കുന്നു |
| 2005-06 | 3.4 | 2009-10 | 2.9 | അംഗൻവാടി നിർമ്മാണം | നിലനില്ക്കുന്നു |
| 2006-07 | 3.3 | 2009-10 | 2.9 | റോഡ് നിർമ്മാണം | നിലനില്ക്കുന്നു |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68301752 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78375222 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1989-90 | എൽ.എഫ്.ടി.11-122/95/ തിയ്യതി 4.10.98 |
| 1990-91 | എൽ.എഫ്.ടി. (എസ്. 2) 1316/11/തിയ്യതി 14.7.11 |
| 1991-92 | |
| 92-93, 93-94 | |
| 96-97 | എൽ.എഫ്.ടി. 11-316/98/തിയ്യതി 4.6.98 |
| 97-9 | എൽ.എഫ്.ടി.13-1866/99/ തിയ്യതി 3.7.2000 |
| 98-99 | എൽ.എഫ്.ടി. 11- 287/01/ തിയ്യതി 18.5.01 |
| 99-2000, 2000-01, 01-02 പദ്ധതി വിഹിതം | എൽ.എഫ്.ടി. 13- 1369/03/ തിയ്യതി 16.4.04 |
| 2003-04 | എൽ.എഫ്.ടി.13-96/06 |
| 04-05 | എൽ.എഫ്.ടി.13-280/07/ തിയ്യതി 2.6.07 |
| 05-06 | എൽ.എഫ്.ടി. 13- 2200/08/ തിയ്യതി 7.12.09 |
| 06-07 | എൽ.എഫ്.ടി. 13- 2201/08/തിയ്യതി 7.6.11 |
| 07-08 | എൽ.എഫ്.ടി.പി. 4- 2148/11 തിയ്യതി 29.11.11/5.3.12 |
| 08-09 | എൽ.എഫ്.ടി.പി. 4- 2149/11 തിയ്യതി 7.1.12/18.5.12 |
| 09-10, 10-11 | എൽ.എഫ്.ടി.പി. 4- 2398/12 തിയ്യതി 8.3.13/11.7.13 |

| | |
|---|---|
| 11-12 | എൽ.എഫ്.ടി.പി. 4- 1433/13 തിയ്യതി18.2.14/1.4.14 |
| 12-13 | എൽ.എഫ്.ടി.പി. 8- 1767/14 തിയ്യതി 10.2.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർപി3-192/16 തിയ്യതി 9/2/16/ 17.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി.8)1277/16, തിയ്യതി 29.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി8)2060/16 തിയ്യതി 05/12/16/ 21.1.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1056/17 തീയതി 25-07-2017 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ /135/2019 തീയതി 06/03/19 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി.8)353/2020 തീയതി 19.05.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(പി7)/997/01-07-2022. |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്